**അനുബന്ധം - എ**

കാന്റീൻ നടത്തിപ്പിനുള്ള അനുവാദത്തിനായി അനുവർത്തിക്കേണ്ട നിബന്ധനകളും വ്യവസ്ഥകളും

1. കരാർ കാലാവധി ഒരു വർഷം ആയിരിക്കും
2. തിരഞ്ഞെടുക്കപ്പെട്ടാൽ സെക്യൂരിറ്റി ഡിപ്പോസിറ്റായി കരാറുകാരൻ രൂ.25,000/-(ഇരുപത്തയ്യായിരം രൂപ മാത്രം) കെട്ടി വയ്ക്കേണ്ടതാണ്.
3. പാചകത്തിനാവശ്യമായ ഇന്ധനം, പാത്രങ്ങൾ, വിളമ്പാനുള്ള പാത്രങ്ങൾ തുടങ്ങിയവയും, പാചകക്കാരെയും, വിളമ്പുകാരെയും കരാറുകാരൻ തന്നെ ഏർപ്പാടുചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും വൈദ്യുതി ഇന്ധനമായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.
4. വൈദ്യുതി ചാർജ് 500/-രൂപ (പ്രത്യേക മീറ്റർ ഘടിപ്പിക്കുന്നതു വരെ) വെള്ളചാർജ് 100/- രൂപ ~~വീതം തുടങ്ങിയവ~~ കരാറുകാരൻ നൽകേണ്ടതാണ്.
5. വാടകയിനത്തിൽ മാസം 2000/- (രണ്ടയിരം രൂപ മാത്രം) ~~ഈടാക്കപ്പെടുന്നതാണ്~~. നൽകേണ്ടതാണ്
6. സ്ഥാപനത്തിന്റെ യശസ്സിന് ഭംഗം വരാത്ത വിധത്തിൽ രുചികരവും വൈവിധ്യമാർന്നതുമായ ഭക്ഷണം നൽകേണ്ടതാണ്.
7. അത്യന്തം ശുചിത്വമാർന്ന സാഹചര്യത്തിൽ പാചകം ചെയ്യുന്ന രുചികരമായ ഭക്ഷണ സാധനങ്ങൾ മാറി മാറി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.
8. വിളമ്പുകാർ നിർബന്ധമായും യൂണിഫോം (ഏപ്രൺ/തൊപ്പി) വൃത്തിയായി ധരിക്കുകയും അവർ തികച്ചും ആരോഗ്യവാന്മാർ/ആരോഗ്യവതികൾ ആയിരിക്കുകയും വേണം.
9. വിവിധ ഭക്ഷണ സാധനങ്ങളുടെ വിലനിലവാര പട്ടിക കാന്റീനിൽ എല്ലാവർക്കും കാണത്തക്ക വിധം പ്രദർശിപ്പിക്കേണ്ടതാണ്.
10. സിപാസ് ഡയറക്ടറുടെ മുൻകൂർ ലിഖിത അനുമതിയില്ലാതെ യാതൊരു കാരണവശാലും വിലനിലവാരത്തിൽ മാറ്റം വരുത്തരുത്.
11. എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 8 മണി മുതൽ വൈകിട്ട് 6 മണി വരെ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
12. കാലാകാലങ്ങളിൽ സിപാസ് ഡയറക്ടർ കാന്റീനിന്റെ സുഗമമായ നടത്തിപ്പിനായി നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
13. കാന്റീൻ നടത്തിപ്പിൽ വ്യവസ്ഥകൾക്ക് വിരുദ്ധമായ ഏതെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുൻകൂർ അറിയിപ്പും ഇല്ലാതെ കരാർ റദ്ദു ചെയ്യുന്നതായിരിക്കും.
14. കാന്റീൻ കെട്ടിടവും, പരിസരവും, ഉപയോഗിക്കാനായി നൽകുന്ന ഫർണീച്ചറുകളും വൃത്തിയായി സൂക്ഷിക്കണം. കാന്റീനിന്റെ തറ ദിവസേന കഴുകി തുടക്കണം. അടുക്കള എപ്പോഴും വൃത്തിയുള്ളതായിരിക്കണം.
15. ആരുടെ ക്വട്ടേഷനാണോ അംഗീകരിക്കപ്പെടുന്നത് അവർ തന്നെ കാന്റീൻ നടത്തേണ്ടതാണ് മറ്റാരെയും ചുമതലപ്പെടുത്താൻ അനുവദിക്കുന്നതല്ല.
16. ആവശ്യക്കാർക്ക് ജീരക വെള്ളമോ, കരിങ്ങാലി വെള്ളമോ നൽകേണ്ടതാണ്.
17. സിപാസും എസ് എം ഇ യും, കരാറുകാരനുമായി ഒരു സമ്മതപത്രത്തിൽ ഒപ്പിടേണ്ടതാണ്.
18. മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ സീൽ ചെയ്ത് കവറുകളിൽ "സിപാസ് എസ് എം ഇ കാന്റീൻ നടത്തുവാനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തി 2019 മെയ് മാസം 10 തീയതി 2.30 പി.എം ന് മുമ്പായി ഡയറക്ടർ, ഗാന്ധിനഗർ പി.ഒ കോട്ടയം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.
19. ക്വട്ടേഷനുകൾ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള അധികാരം സിപാസ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
20. അപൂർണ്ണമായി അപേക്ഷകൾ തള്ളിക്കളയുന്നതായിരിക്കും.

22/4/19

02/05/19

JOINT DIRECTOR
SCHOOL OF MEDICAL EDUCATION
CENTRE FOR PROFESSIONAL AND ADVANCED STUDIES